"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്ത് തലത്തിൽ നിയമിതരായിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് Nrega soft-ൽ 5 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഇ-എം.ബുക്കിൽ ചെക്ക് മെഷർമെന്റ് രേഖപ്പെടുത്തുന്നതിനായി മാത്രം ബ്ലോക്ക് പഞ്ചായത്ത് തല സ്റ്റാറ്റസ് നൽകിക്കൊണ്ട് 04.09.2015 ലെ 2688/2015/LSGD നമ്പർ ഉത്തരവ് പരിഷ്കരിക്കരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2374/2025/LSGD　　തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം:-
1. 04.09.20215 ലെ സ.ഉ.(സാധാ) 2688/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 28.08.2025-ലെ L-13060/06/2025-RE-VII നമ്പർ കത്ത്
3. മിഷൻ ഡയറക്ടറുടെ 08.09.2025 തിയതിയിലെ NREGA/784/2024-E2 നമ്പർ കത്ത് .

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ 5 ലക്ഷം വരെയുള്ള പ്രവൃത്തികളിൽ ചെക്ക് മെഷർമെന്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അക്രഡിറ്റഡ് എഞ്ചിനീയർ/LSGD അസിസ്റ്റന്റ് എഞ്ചിനീയറെയും, 5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളിൽ ചെക്ക് മെഷർമെന്റ് ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ചുമതലപ്പെടുത്തി മേൽ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇപ്പോൾ, കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നുള്ള മേൽ പരാമർശം (2) കത്ത് പ്രകാരം ഇ-എം. ബുക്ക് നിർബന്ധമാക്കുകയും മസ്റ്റർ റോളുകൾക്കും ടി കാലയളവിനുള്ളിൽ ബ്ലോക്ക്തല എൻജിനീയർ ചെക്ക് മെഷർമെന്റ് ചെയ്ത് പൂർത്തിയാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതായത്, ഇ.എം.ബുക്ക് മുഖേന ചെക്ക് മെഷർമെന്റ് ചെയ്യാൻ നിയോഗിച്ചിട്ടുള്ളത് ബ്ലോക്ക്തല എഞ്ചിനീയറെയാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുന്ന മസ്റ്റർ റോളുകൾ പ്രവൃത്തി പൂർത്തീകരിച്ച് T+3 മുതൽ T+5 ദിവസത്തിനുള്ളിൽ പൂർത്തികരിച്ച് വേതന വിതരണത്തിനായി First Signatory യുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ഒരു ബ്ലോക്ക് പരിധിയിൽ 5 മുതൽ 8 ഗ്രാമ പഞ്ചായത്തുകൾ വരുന്ന സാഹചര്യത്തിൽ ഇത്രയും ഗ്രാമ പഞ്ചായത്തുകളിലെ

പ്രവർത്തികൾ ഒരു ബ്ലോക്ക്തല എൻജിനിയർക്കു സമയബന്ധിതമായി ചെക്ക് മെഷർമെന്റ് പൂർത്തിയാക്കാൻ സാധിക്കില്ലെന്നും നിലവിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ നിയമിതരായിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർമാരെ Nrega soft-ൽ 5 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഇ.എം.ബുക്കിൽ ചെക്ക് രേഖപ്പെടുത്തുന്നതിനായി മാത്രം ബ്ലോക്ക് പഞ്ചായത്ത് തല സ്റ്റാറ്റസ് നൽകിക്കൊണ്ട് മേൽ പരാമർശിത ഉത്തരവ് (1) പരിഷ്കരിച്ച് ഉത്തരവാകണമെന്നും മേൽ പരാമർശിത കത്ത് (3) പ്രകാരം മിഷൻ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മിഷൻ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, നിലവിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ നിയമിതരായിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക്, Nrega soft-ൽ 5 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഇ-എം.ബുക്കിൽ ചെക്ക് മെഷർമെന്റ് രേഖപ്പെടുത്തുന്നതിനായി മാത്രം, ബ്ലോക്ക് പഞ്ചായത്ത് തല സ്റ്റാറ്റസ് നൽകിക്കൊണ്ട് മേൽ പരാമർശിത ഉത്തരവ് (1) പരിഷ്കരിക്കരിച്ച് ഉത്തരവാകുന്നു.

(3) മേൽ ഭേദഗതിയോടെ മേൽ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 29-09-2025 11:16:03
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി